(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) രണ്ടു മാസത്തെ വൈദ്യുതി ഉപഭോഗത്തിനാണ് ബില്ലു നൽകുന്നത്.

(ബി)&(സി) മീറ്റർ റീഡിംഗ് രണ്ടു മാസത്തിലൊരിക്കലാണ് എടുക്കുന്നതെങ്കിലും, അതിൻപ്രകാരമുള്ള ഉപഭോഗത്തിന്റെ പകുതി ഒരു മാസത്തെ ഉപഭോഗമായി കണക്കാക്കി ആ നിരക്കിലാണ് കറണ്ട് ചാർജ്ജ് ഈടാക്കുന്നത് എന്നതിനാൽ ഉപഭോക്താവ് ഒരിക്കലും കൂടുതൽ തുക അടയ്ക്കേണ്ടി വരുന്നില്ല. ഉപഭോക്താക്കൾ കൂടുതൽ തുക അടയ്ക്കേണ്ടി വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

13 (*189) പുരാതന കലാരൂപങ്ങൾ പരിരക്ഷിക്കുന്നതിന് നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ തനത് സംസ്ക്കാരവും കലയും പരിരക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഇതിനായി പട്ടികവർഗ്ഗ ഊരുകൾക്കുവേണ്ടി ആരാധനാലയങ്ങളും, കമ്മ്യൂണിറ്റി ഹാളുകളും നിർമ്മിച്ചുകൊടുക്കുമോ;

(ഡി) അവരുടെ കലാരൂപങ്ങൾ അവരുടെ പുതിയ തലമുറയെ പഠിപ്പിക്കുവാനുള്ള ഏർപ്പാടുണ്ടാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി)ഉണ്ട്. ഇതിനായി 'ആദികലാകേന്ദ്രം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ സാംസ്ക്കാരിക മഹിമ പാരമ്പര്യ അറിവുകൾ മുതലായവ പ്രതിഫലിക്കുന്ന വസ്തുക്കളുടെ ശേഖരം പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. ഇത് കിർത്താർഡ്സ് മുഖേന നടപ്പിലാക്കിവരികയാണ്.

(സി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചു കൊടുക്കാറുണ്ട്.

(ഡി) ഇക്കാര്യം 'ആദികലാകേന്ദ്ര'ത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിലൊന്നാണ്.

14 (*190) വാട്ടർ ചാർജ്ജ് വർദ്ധനവ്

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly